LIBRARY ARCHIVES Kerala Legislative Assembly

## കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സിലെ പണാപഹരണം

139 [3029] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സിൽ നടന്ന പണാപഹരണ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ കേസുകളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ കേസിലുൾപ്പെട്ട് ഏതൊക്കെ കുറ്റക്കാർക്കെതിരെ എന്തൊക്കെ ശിക്ഷണ നടപടികൾ സ്വീകരിച്ചു;

(ഡി) ഈ ശിക്ഷണ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഇ) ഈ കേസുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണമോ, മറ്റേതെങ്കിലും ഏജൻസി വഴിയുള്ള അന്വേഷണമോ നടക്കുന്നുണ്ടോ; നടത്തിയിട്ടുണ്ടോ;

(എഫ്) എത്ര രൂപയുടെ അഴിമതിയാണ് നടന്നിട്ടുള്ളതായി കണ്ടെത്തിയത്; ആരാണ് ഇത് കണ്ടെത്തിയത്; വിശദവിവരം ലഭ്യമാക്കാമോ;

(ജി) കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് ധനവിനിയോഗം നടത്തുന്നത് നിയമ പ്രകാരമാണോ എന്ന് പരിശോധിക്കുവാൻ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എച്ച്) ടി സ്ഥാപനത്തിലെ അഴിമതികൾ തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(സി ആന്റ് ഡി) അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന ക്ളാർക്കിനെ വിശദമായ വകുപ്പുതല അന്വേഷണത്തിനുശേഷം പിരിച്ചുവിട്ടു. ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെ വിശദീകരണം തേടിയിട്ടുണ്ട്.

(ഇ) ഉണ്ട്. വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ട്. കൂടാതെ വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

(എഫ്) 18,60,517 രൂപയുടെ, മുൻ ട്രഷറർ ഈ ക്രമക്കേട് കണ്ടെത്തി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും തുടർന്ന് നിയമിച്ച കമ്മിറ്റി പ്രസ്തുത ക്രമക്കേട് സ്ഥിരീകരിക്കുകയും ചെയ്തു.

(ജി) അക്കൗണ്ടന്റ് ജനറലും ലോക്കൽഫണ്ട് ആഡിറ്റ് വിഭാഗവും ധനവിനിയോഗം പരിശോധിക്കുന്നു.

(എച്ച്) സാമ്പത്തിക കാര്യങ്ങൾ ശരിയായി നിർവ്വഹിക്കാൻ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുവഴി ടൂറിസം പ്രൊമോട്ട് ചെയ്യാൻ നടപടി

140 [3030] ശ്രീ. കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കു വഴി ടൂറിസം പ്രോജക്ടുകൾ പ്രൊമോട്ട് ചെയ്യാൻ സത്വര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രോജക്ടുകൾക്കുള്ള അനുമതിക്കായി ഏതെല്ലാം പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) വളരെയധികം സാധ്യതയുള്ള അഗ്രി ടൂറിസം പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ടി പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്ക് അനുമതിയും നിർദ്ദേശവും നൽകുമോ?

ഉത്തരം

(എ) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുടെ ബൈലാ വ്യവസ്ഥകൾക്കനുസൃതമായി, പ്രോജക്ടുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സർക്കാരിൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(സി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.